DESPATCHED
On. 13/1/23..

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@-nic.-in**

**ഹർജി നമ്പർ AP No.1125(3)/*2021/എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം. 9590/*എസ്.ഐ.സി-ജി 1/2021*)**
**ശ്രീ. എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**(തീയതി. 29.12.2022)**

ശ്രീ. നജീബ്. കെ,
9/554, കിളിയണ്ണിഹൗസ്,
ജി.പി.എൻ.നഗർ, മുണ്ടുപറമ്പ് പി.ഒ,
മലപ്പുറം– 676 509. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
   സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ,
   തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| **6(1) അപേക്ഷ സമർപ്പിച്ച തീയതി** | |
| **6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി** | 23.07.2021 |
| **കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ച തീയതി** | 24.08.2021 |
| **ഹർജിക്കാരന്റെ അപ്പീൽ കൈപ്പറ്റിയ തീയതി** | 24.08.2021 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്കും തുടർന്നു നൽകിയ ഒന്നാം അപ്പീലിനും ലഭിച്ച മറുപടിയിൽ തൃപ്തനാകാതെയുമാണ് ടിയാൻ 24.08.2021 ന് കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ അപ്പീൽ അധികാരിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് അപ്പീൽ അധികാരി 05.10.2021ന് കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു.

3. വിവരാവകാശ നിയമപ്രകാരം പൊതുഅധികാരി തന്റെ പക്കലുള്ള വിവരങ്ങൾ സ്വമേധയാ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നാണ് വ്യവസ്ഥ. അപ്രകാരം ലഭ്യമല്ലാത്ത കാര്യങ്ങളാണ് പൗരൻ ഫീസടച്ച് അപേക്ഷിക്കുന്നതും, കോസ്റ്റ് അടച്ച് പകർപ്പ് വാങ്ങുന്നതും.

4. ഇവിടെ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന്റെ സൈറ്റിൽ ലഭ്യമായ വിവരങ്ങൾ വീണ്ടും അപ്പീൽ ഹർജിക്കാരന് ഒരപേക്ഷയുടെ മറുപടിയായി നൽകണമെന്നതാണ് ടിയാന്റെ ആവശ്യം. ഇത് പൊതു അധികാരസ്ഥാനത്തിലെ ജോലിഭാരം കൂട്ടുന്ന കാര്യമാണ്. ആയതിനാൽ രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ട് വിശ്വാസത്തിലെടുത്ത് എസ്.പി.ഐ.ഒയുടെ മറുപടി അംഗീകരിച്ച് തുടർ നടപടികൾ അവസാനിപ്പിച്ച് അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേദിവസം 29.12.2022ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ.അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

re